മാസത്തിൽ കേന്ദ്ര കൃഷിയും സഹകരണവും മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. 2009-10-ൽ ഇടുക്കി ജില്ലയിൽ പൂർണ്ണമായും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ 2009-10-ലേക്കുള്ള വിഹിത മായി 14 കോടി രൂപ ഇതിനായി ലഭിച്ചിട്ടുണ്ട്. 47.68 കോടി രൂപ ചെലവിൽ വയനാട് ജില്ലയിൽ നടപ്പാക്കുന്നതിനായി അത്തരത്തിൽ ഒരു പദ്ധതിക്ക് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്. 2008-09-ൽ 413.74 കോടി രൂപയ്ക്കുള്ള 25250 ടണ്ണിൽനിന്ന് 2009-10-ൽ 313.93 കോടി രൂപയ്ക്കുള്ള 1975 ടൺ ആയി ഇന്ത്യയിൽ നിന്നുള്ള കുരുമുളക് കയറ്റുമതി കുറഞ്ഞിട്ടുണ്ട്.

(എഫ്) വർദ്ധനവ് ഉണ്ടായിട്ടില്ല.

എക്സൈസ് ഗാർഡ്, ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളിൽ വനിതാ പ്രാതിനിധ്യം

12 (*582) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഗാർഡ്, ഇൻസ്പെക്ടർ തുടങ്ങിയ തസ്തിക കളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ എത്ര വനിതകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇൻസ്പെക്ടർ തസ്തികകളിലേക്ക് നേരിട്ട് നിയമനം നടത്തുന്ന തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്ന തിന് നടപടി സ്വീകരിക്കുമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) :

(എ) എക്സൈസ് ഗാർഡ് തസ്തികയിൽ കേഡർ സ്ട്രെങ്ത്തിന്റെ 97% നേരിട്ടുള്ള നിയമനം വഴിയാണ് നടത്തുന്നത്. ഇതിന്റെ 10 ശതമാനം വനിതകളെ നേരിട്ട് നിയമിക്കുന്നതിനായി, 4-6-2008 തീയതിയിൽ G.O.(P)No.113/08/TD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം 274 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇൻസ്പെക്ടർ തസ്തി കയിൽ വനിതാ പ്രാതിനിധ്യം നൽകുന്നതിന് പ്രത്യേക നടപടികളൊന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല.

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം, വനിതാ ഗാർഡുമാർ

LIBRARY ARCHIVES Kerala Legislative Assembly

ആരും തന്നെയില്ല. എന്നാൽ, 12-3-2010-ലെ G.O.(Ms)No.60/2010/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ആശ്രിത നിയമന പദ്ധതി പ്രകാരം എക്സൈസ് വനിതാ ഗാർഡായി നിയമനം ലഭിച്ച ഒരു വനിത, തിരുവനന്തപുരം ഡിവിഷനിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജോലി നോക്കുന്നുണ്ട്.

(സി) സ്പെഷ്യൽ റൂളിൽ നിഷ്ക്കർഷിച്ചിട്ടുള്ള അനുപാതം കണക്കിലെടുത്തുകൊണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

(ഡി) ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം

13 (*583) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. വിജയ ശതമാനം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെച്ചപ്പെട്ടിട്ടുണ്ടോ ;

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര ശതമാനം പട്ടികജാതി/പട്ടികവിഭാഗം വിദ്യാർത്ഥികൾ വിജയിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിലെ ആശ്രമം/മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ പഠന നിലവാരം സംബന്ധിച്ച് എസ്.സി.ഇ.ആർ.റ്റി. പഠനം നടത്തിയിട്ടുണ്ട്. എസ്.സി.പി., ടി.എസ്.പി. പദ്ധതി പ്രകാരം ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകൾ ഒഴികെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ പദ്ധതികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെക്കൊണ്ട് പഠനം നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly